## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7166** **11.07.2014-ന് മറുപടിയ്ക്ക്**

**മലപ്പുറം കളക്ടറേറ്റ് യു.ഡി.ക്ലാർക്ക് ശ്രീ.ജുനൈദ്.കെ.എം. നൽകിയ അപേക്ഷ.**

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മലപ്പുറം കളക്ടറേറ്റിൽ റവന്യൂ വകുപ്പിൽ ജോലി ചെയ്യുന്ന യു.ഡി. ക്ലാർക്ക് ജുനൈദ്.കെ.എം. എന്നയാൾ മലപ്പുറം ജനസേവന കേന്ദ്രത്തിൽ നിലവിലുള്ള ഒഴിവിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിന് സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | ഈ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ: | (ബി) യും (സി) യും | മലപ്പുറം ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ നിലവിലുള്ള ഒഴിവിലേക്ക് തന്നെ പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 06.05.2013-ൽ ശ്രീ.ജുനൈദ്.കെ.എം മുൻകൂർ അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാനെ വിടുതൽ ചെയ്യുന്നതിനു തടസ്സമില്ലെങ്കിൽ ടി. വിവരം അറിയിക്കുവാൻ എൽ.ആർ. ഇ8-37303/12 നമ്പർ കത്ത് പ്രകാരം മലപ്പുറം ജില്ലാ കളക്ടറോട് ലാന്റ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ശ്രീ.ജുനൈദിനെ വിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്ന് മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാന് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ 15.7.2013-ൽ ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിൽ (ഇൻഫർമേഷൻ ടെക്നോളജി (സി) വകുപ്പിൽ) സമർപ്പിച്ചു. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച വിഷയത്തിൻമേൽ അന്തിമ തീരുമാനമെടുക്കേണ്ടത് പ്രസ്തുത വകുപ്പുതന്നെയാണ്. ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല. |
| (സി) | ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജനസേവന കേന്ദ്രത്തിലേക്ക് ടിയാനെ മാറ്റി നിയമിക്കുന്നതിന് അനുമതി നൽകുമോ? | | |

Vatsala SO

സെക്ഷൻ ഓഫീസർ.